ഉത്തരം

(എ) കൃഷി, ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, നികുതി, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളിൽ നിരവധി തവണ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിലായി ധനദുർവിനിയോഗം, ധനാപഹരണം, ധനവിനിയോഗത്തിലെ ക്രമക്കേടുകൾ, ഓഫീസ് നടപടി ക്രമങ്ങളിലെ വീഴ്ച, പദ്ധതി നടത്തിപ്പിലെ വീഴ്ചയും, ക്രമക്കേടും, ദിവസവേതനക്കാരെ നിയമിച്ചതിലെ ക്രമക്കേട്, കൃത്രിമരേഖകൾ ചമച്ച് വായ്പ നൽകിയത്, അനാവശ്യ വിദേശയാത്ര, സാമ്പത്തിക തട്ടിപ്പ്, പണികളിൽ ക്രമക്കേട്, സർക്കാർ വാഹനങ്ങളുടെ ദുർവിനിയോഗം, സാധനങ്ങൾ വാങ്ങുന്നതിലെ ക്രമക്കേട്, ടെണ്ടർ സംബന്ധമായ ക്രമക്കേട്, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കൽ, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ തുടങ്ങിയ വിവിധ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) 2001 മെയ് മുതൽ 2004 വർഷം ഇതുവരെയുള്ള കാലയളവിൽ ആരോഗ്യം, ട്രഷറി, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഗ്രാമവികസനം, മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം, നികുതി, വ്യവസായം, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പൊതുമരാമത്ത്, സാംസ്കാരികം, വനം, പുരാവസ്തു, റവന്യൂ, ജലവിഭവം, തൊഴിൽ, വിനോദസഞ്ചാരം, ഉന്നത വിദ്യാഭ്യാസം, ദേശീയ സമ്പാദ്യം, ട്രഷറി, വാണിജ്യ നികുതി, വിജിലൻസ്, സഹകരണം, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, ആയുർവേദം, മത്സ്യബന്ധനം, ടൂറിസം, ശാസ്ത്ര സാങ്കേതികം, ഗതാഗതം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടത് അതാത് ഭരണവകുപ്പുകളാണ്. എന്നാൽ കൈക്കൊണ്ട നടപടികളെക്കുറിച്ച് യഥാസമയം ഭരണവകുപ്പിൽനിന്ന് വിവരം ലഭിക്കാറില്ല.

ധനകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ നികുതി പിരിവ് ഏജൻസികളുടെ ഓഫീസിൽ നടത്തിയ റെയ്ഡ്

29 [1161] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ നികുതി പിരിവ് ഏജൻസികളുടെ ഓഫീസിൽ എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്;

(ബി) റെയ്ഡുകൾ നടന്നതിന്റെ ഫലമായി സർക്കാരിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള രജിസ്ട്രേഷൻ വകുപ്പിൽ "ഓപ്പറേഷൻ രാഗിണി" എന്ന പേരിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ട്. 30 ഓഫീസുകളിൽ ഒരേ ദിവസമാണ് (20-11-2002) റെയ്ഡ് നടത്തിയത്. എക്സൈസ് വകുപ്പിന്റെ വിവിധ ഓഫീസുകളിലായി ഈ കാലയളവിൽ 16 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 12-8-2002, 13-8-2002 എന്നീ തീയതികളിൽ ബംഗാര മഞ്ചേശ്വരം, ഗോപാലപുരം, വാളയാർ, ആര്യങ്കാവ്, അമരവിള എന്നീ സെയിൽ ടാക്സ് ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയുണ്ടായി. തുടർന്ന് 1-6-2004-ൽ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി മഞ്ചേശ്വരം, കുട്ടുപുഴ, മുത്തങ്ങ, നടുപുണ്ണി, കുമളി, ആര്യങ്കാവ്, അമരവിള എന്നീ ചെക്ക്പോസ്റ്റുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയുണ്ടായി.

(ബി) ഇതു സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല.

എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നൽകിയ പ്രമോഷൻ

30 [1162] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകളിൽ വിജിലൻസ് കേസിൽ ശിക്ഷിക്കപ്പെട്ട എത്ര ഉദ്യോഗസ്ഥർക്ക് 2003-2004 വർഷങ്ങളിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പ്രൊമോഷൻ നൽകുമ്പോൾ ഡി.പി.സി. പരിഗണിച്ചാൽ പ്രൊമോഷൻ കിട്ടാൻ അർഹതയില്ലാത്ത വിധം ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടുള്ളവരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രഷറി, നാഷണൽ സേവിംഗ്സ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, ഇൻഷ്വറൻസ് വകുപ്പുകളിൽ 2003-2004 വർഷങ്ങളിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ആർക്കും പ്രമോഷൻ നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly